ആറ്റുകാലിൽ അന്നദാനം
മധുരം വിളമ്പാൻ പഴയിടം

തിരുവനന്തപുരം: ആറ്റുകാൽ ഉത്സവത്തിനെത്തുന്ന ഭക്തലക്ഷങ്ങൾക്ക്വിഭവസമൃദ്ധ ഭക്ഷണമൊരുക്കി രുചിയുടെ രസക്കൂട്ട് പകരാൻ പാചക വിദഗ്ധൻ പഴയിടം മോഹനൻ നമ്പൂതിരിയുടെ സംഘമെത്തി. ഇന്ന് മുതൽ ഉത്സവ സമാപന ദിവസമായ 21 വരെ ക്ഷേത്രത്തിലെത്തുന്ന മുഴുവൻ പേർക്കും നാലുനേരവും സ്വാദിഷ്ടവിഭവങ്ങൾ തയ്യാറാക്കി നൽകുന്നതിന്റെ തിരക്കിലാണവർ.

ഭക്തജനങ്ങൾക്ക് പുറമേ ഡ്യൂട്ടിക്കെത്തുന്ന വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, കുത്തിയോട്ട കുട്ടികൾ, ക്ഷേത്ര ജീവനക്കാർ, ട്രസ്റ്റ് അംഗങ്ങൾ തുടങ്ങി ലക്ഷക്കണക്കിനാളുകൾക്കുള്ള സദ്യവട്ടമാണ് തയ്യാറാക്കുന്നത്.

പാചകകലയിലെ കുലപതിയായ മോഹനൻ നമ്പൂതിരി ഇതാദ്യമായാണ് ആറ്റുകാലിൽ ഉത്സവസദ്യ ഒരുക്കാനെത്തുന്നത്. അദ്ദേഹമുൾപ്പെടെ അമ്പതംഗസംഘമാണ് പാചക

ആറ്റുകാൽ ക്ഷേത്രത്തിലെ പാചകപുരയിൽ പ്രഭാത ഭക്ഷണം തയ്യാറാക്കുന്ന പഴയിടം മോഹനൻ നമ്പൂതിരി

മെനു ഇങ്ങനെ

ഇന്ന്

ഉച്ചയ്ക്ക്: പരിപ്പ് പപ്പടം, അവിയൽ, കിച്ചടി, രസം
വൈകിട്ട് : ഉഴുന്ന് വട, ചായ
രാത്രി: പൂരി, മസാല.

13

രാവിലെ: അപ്പം, സ്റ്റൂ, ചായ.
ഉച്ചയ്ക്ക്: കൂട്ടുകറി, പുളിശേരി, രസം.
വൈകിട്ട് : വാഴയ്ക്ക അപ്പം, ചായ
രാത്രി: ദോശ, സാമ്പാർ.

14

രാവിലെ: ഇടിയപ്പം, കടലക്കറി
ഉച്ചയ്ക്ക്: മിക്സ്തീയൽ, പുളിശേരി, പരിപ്പ്പായസം
വൈകിട്ട് : ബജ്ജി, ചായ
രാത്രി: ചപ്പാത്തി, ഗ്രീൻപീസ്

15

രാവിലെ: ദോശ, മുളക് ചമ്മന്തി, ചായ, ഗ്രീൻ പീസ്
ഉച്ചയ്ക്ക്: എരിശേരി, മോര്
വൈകിട്ട് : മോദകം, ചായ
രാത്രിസദ്യപ്പം, സ്റ്റൂ

16

രാവിലെപൂട്ട്, കടലക്കറി, ചായ
ഉച്ചയ്ക്ക്:രസം, മോര്.
വൈകിട്ട് : പരിപ്പ് വട, ചായ
രാത്രി ചപ്പാത്തി, പൊട്ടറ്റോക്കറി.

17

രാവിലെഅപ്പം, സ്റ്റൂ, ചായ
ഉച്ചയ്ക്ക്:തക്കാളിക്കറി, പുളിശേരി
വൈകിട്ട് : ഇലയട, ചായ
രാത്രി ഇടിയപ്പം, സ്റ്റൂ

18

രാവിലെദോശ, തക്കാളിക്കറി, ചായ
ഉച്ചയ്ക്ക്:അവിയൽ, കിച്ചടി, രസം, ഉണക്കലരി പായസം
വൈകിട്ട് : കൊഴുക്കട്ട, ചായ
രാത്രി:ദോശ, സാമ്പാർ.

19

രാവിലെഇഡ്ലി , സാമ്പാർ
ഉച്ചയ്ക്ക്:കൂട്ടുകറി, പുളിശേരി
വൈകിട്ട് : ഉഴുന്ന് വട, ചായ
രാത്രി: ഇടിയപ്പം, സ്റ്റൂ.

20

രാവിലെ-ഇഡ്ലി സാമ്പാർ
ഉച്ചയ്ക്ക്:- ഊണ്
രാത്രിചോറ്, സാമ്പാർ, രസം, തോരൻ

21

രാവിലെ:ഇഡ്ലി , സാമ്പാർ
ഉച്ചയ്ക്ക്:കഞ്ഞി, പുഴുക്ക്, അച്ചാർ, പപ്പടം
രാത്രിസ്പെഷ്യൽ.

നാലിനം കൊണ്ട് സാമ്പാർ

പഴയിടം മോഹനൻ നമ്പൂതിരി

സദ്യവട്ടത്തിന് സാമ്പാറൊരുക്കാൻ പഴയിടത്തിന് നാല് ഐറ്റം പച്ചക്കറി മതി. സവാള, ഉരുളക്കിഴങ്ങ്, തക്കാളി, മുരിങ്ങയ്ക്ക ഇതിനൊപ്പം പഴയിടത്തിന്റെ കൈപ്പുണ്യവും ചേർന്നാൽ കിടിലൻ സമ്പാർ റെഡി. ഓരോ ഐറ്റത്തിനും ആവശ്യമുള്ള സാധനങ്ങൾ മാത്രമാണ് പർച്ചേയ്സിനായി നൽകിയിട്ടുള്ളത്.

ആദ്യദിനങ്ങളിലേക്ക് 3000 ക്വിന്റൽ അരി, 350 കിലോ വെളിച്ചെണ്ണ, അതിനനുസരിച്ചുള്ള പലവ്യഞ്ജനങ്ങൾ എന്നിവയാണ് വാങ്ങിയിട്ടുള്ളത്.

ത്തിനുണ്ടാകുക. ഇന്നലെ രാവിലെ പാചകപുരയിൽ ദേവീ പൂജയ്ക്കും തീകൂട്ടൽ ചടങ്ങിനുംശേഷമാണ് ജോലികൾ ആരംഭിച്ചത്.

ആദ്യ രണ്ട് ദിവസം പതിനായിരത്തോളം പേർക്കുള്ള വിഭവങ്ങളാണ് തയ്യാറാക്കുക. തിരക്കേറുന്നതനുസരിച്ച് അളവ് കൂട്ടും. ഓരോ ദിവസവും വ്യത്യസ്തമായ മെനുവാണ് .

ഇതിന് പുറമേ ലഘുഭക്ഷണമായി പഴയിടത്തിന്റെ സ്പെഷ്യൽ കൊഴുക്കട്ട, ഇലയട എന്നിവയും പായസവിഭവങ്ങളിൽ ഹിറ്റായ ഉണക്കലരിപ്പായസം, പാലട, ഉണ്ണിന് തക്കാളിക്കറി, പാലക്കാടൻകിച്ചടി എന്നിവയാണ് സവിശേഷ ഇനങ്ങൾ.

സദ്യയ്ക്കാവശ്യമായ അരിയും പലവ്യഞ്ജനങ്ങളും സിവിൽസപ്ലൈസ്വകുപ്പിൽനിന്നും പച്ചക്കറികളും പഴങ്ങളും ഹോർട്ടികോർപ്പിൽ നിന്നുമാണ് വാങ്ങുക.

കണ്ടക്ടർ ക്ഷാമം: ഷെഡ്യൂൾ റദ്ദാക്കൽ തുടർക്കഥ
■ യാത്രക്കാർക്ക് ദുരിതം

തിരുവനന്തപുരം: കണ്ടക്ടർ ക്ഷാമത്തെത്തുടർന്ന് കെ.എസ്.ആർ.ടി.സിയിൽ ഷെഡ്യൂൾ റദ്ദാക്കൽ തുടരുന്നു. കഴിഞ്ഞ ദിവസംമാത്രം അന്തർ സംസ്ഥാന സർവീസുകളുൾപ്പെടെ സംസ്ഥാനത്താകമാനം 796 ഷെഡ്യൂളുകളാണ് റദ്ദാക്കിയത്.

ഇതിലൂടെ കെ.എസ്.ആർ.ടി.സിക്ക് പ്രതിദിനം അരക്കോടിയോളം രൂപയുടെ നഷ്ടത്തിനിടയാക്കുന്നതിനൊപ്പം യാത്രക്ലേശവും രൂക്ഷമായി. എം.പാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടതോടെ ഒഴിവുവന്ന കണ്ടക്ടർ തസ്തികകളിൽ നിയമനം നടത്താത്തതും മുൻ എം.ഡി ടോമിൻ തച്ചങ്കരി ഏർപ്പെടുത്തിയ ഡ്രൈവർ കം കണ്ടക്ടർ പരിഷ്കാരം തുടരാത്തതുമാണ് ദീർഘദൂര സർവ്വീസുകളുൾപ്പെടെ റദ്ദ് ചെയ്യാൻ കാരണം.

സംസ്ഥാനത്തെ ആകെ ഷെഡ്യൂൾ	-	4987
റദ്ദാക്കിയത്	-	796
തിരുവനന്തപുരം സോണൽ		
ഇന്നലത്തെ ഷെഡ്യൂൾ	-	1934
റദ്ദ് ചെയ്തത്	-	205

തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ 13 അന്തർ സംസ്ഥാന- ദീർഘദൂര സർവീസുകളുൾപ്പെടെ രണ്ട് ഡസൻ ഷെഡ്യൂളുകളാണ് ഇന്നലെ റദ്ദാക്കപ്പെട്ടത്. ഡ്രൈവർ കം കണ്ടക്ടർ അടിസ്ഥാനത്തിൽ ഓപ്പറേറ്റ് ചെയ്തിരുന്ന ഇവ പൂർവ്വ സ്ഥിതിയിലാക്കിയപ്പോൾ ആവശ്യമായ കണ്ടക്ടർമാരില്ലാത്തതാണ് റദ്ദാക്കലിന് കാരണം.

കാൽലക്ഷത്തിലധികം രൂപ കളക്ഷനുള്ള ടിപ്പുകളായിരുന്ന ഇവ. ഇത്തരത്തിൽ ഓർഡിനറി, ഫാസ്ട്ര്- സൂപ്പർ ഫാസ്റ്റ് സർവീസുകൾ പലയിടത്തും കൂട്ടത്തോടെ റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ട്. സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഭരണ -സാമ്പത്തികപരിഷ്കാരങ്ങൾ എം.ഡിയുടെ സ്ഥലം മാറ്റത്തോടെ മരവിച്ച സാഹചര്യത്തിൽ ഡ്രൈവർ കം കണ്ടക്ടർ രീതിയിൽ സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നത് നിലച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സിയെ മാത്രം ആശ്രയിക്കുന്ന ഉൾനാടൻ പ്രദേശങ്ങളിലും ദേശസാൽകൃത റൂട്ടുകളിലും യാത്രാക്ലേശം രൂക്ഷമാകാൻ ഇത് കാരണമായിട്ടുണ്ട്. പി.എസ്.സി ലിസ്റ്റിൽ നിന്ന് നിയമനം നടത്തിയിട്ടും രണ്ടായിരത്തിലേറെ കണ്ടക്ടർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതാണ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ തടസമാകുന്നത്. കുംഭമാസ ദർശനത്തിനായി ശബരിമല നട നാളെ തുറക്കാനിരിക്കെ ശബരിമല സർവ്വീസുകളെയും കണ്ടക്ടർക്ഷാമം ബാധിക്കാനിടയുണ്ട്.

സിനിമ

■ന്യൂ (2323244) :: ■SCREEN 1 - 9 (M- 11.15, 2.30, 6.15, 9.30)
■SCREEN 2 - YATRA (M-11.30, 2.30, 6.30, 9.30)
■SCREEN 3 - MIKHAEL (M-11.15, 2.30, 6.15, 9.30)
■ശ്രീകുമാർ (2331222) :: VINAYA VIDEYA RAMA (M- 11.15, 2.30, 6.15, 9.30)
■ശ്രീവിശാഖ് (2331222) :: PETTA (T- 11.15, 2.30), ODIYAN (M-6.15), IRUPATHAM NOOTANDU (M-9.30)
■ശ്രീപത്മനാഭ (2473999) :: 9 (M- 11.00, 2.30, 6.00, 9.30)
■ദേവിപ്രിയ (2473999) :: YATRA (M-11.00, 2.30, 6.00, 9.30)
■അജന്ത (2472825) :: KUMBALANGI NIGHTS (M- 11.30, 2.30, 6.30, 9.45) (T- 11.30, 2.30, 6.30) VANTHA RAJAVATHAAN VARUVEN (T- 9.45)
■കൃപ :: PERAMBU (T- 12.00, 3.20, 6.30, 9.45), DHILLUKUDHUDDU (T-12.45, 7.15), ALITA (E-3D-4.00, 10.15)
■കലാഭവൻ :: കുമ്പളങ്ങിനൈറ്റ്സ് (M - 11.15, 2.30, 6.15, 9.30)
■സെൻട്രൽ (2462865) :: BARBARIAN (E - 11.30, 2.30, 6.30, 9.30)
■കൈരളി (2332747) :: കുമ്പളങ്ങിനൈറ്റ്സ് (M- 11.15, 2.30, 6.15, 9.30)
■ശ്രീ (2332747) :: കുമ്പളങ്ങിനൈറ്റ്സ് (M- 11.15, 2.30, 6.15, 9.30)
■നിള (2332747) :: വിജയ് സൂപ്പറും പൗർണമിയും (M- 2.30, 9.30pm) ഞാൻ പ്രകാശൻ (11.15, 6.15)
■ധന്യ (2476773) :: YATRA (M- 11.15, 2.30, 6.15, 9.30)
■രമ്യ (2476773) :: ALITA (E.3D- 11.15, 2.30, 6.15, 9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1- ഇരുപത്തിയൊന്നാംനൂറ്റാണ്ട് (M- 8.00pm, 11.30am, 3.00pm, 6.45pm, 10.30pm)
■Audi 2- KGF (T- 10.20am) പേട്ട (M-1.20pm, 10.40pm) THACKERAY (H- 4.50pm) ഞാൻ പ്രകാശൻ (M- 7.50)
■Audi 3- SIMBA (T- 11.00am) SPIDERMAN : INTO THE SPIDER VERSE (E- 2.00pm) AQUAMAN (E- 4.20 pm) മിഖായേൽ (M- 7.20 pm) വിശ്വാസം (T- 10.30pm)
■Audi 4 - CHARLIE CHAPLIN 2 (T- 10.45am, 10.30pm) മിഖായേൽ (M- 1.20 pm) പന്ത് (M-4.40pm) പ്രാണ (M- 7.45pm)
■Audi 5 - URI (H- 10.30am, 4.30pm, 7.30pm) MANIKARNIKA (H- 1.20pm, 10.30pm)
■Audi 6 - വിജയ് സൂപ്പറും പൗർണമിയും (M- 10.30, 1.30, 7.30, 10.30pm) KGF (T- 4.20pm)

info line

പൊലീസ്
ഹെൽപ്പ്ലൈൻ.....9846100100
വനിതാ ഹെൽപ്പ്.....9995399953
ക്രൈംസ്റ്റോപ്പർ.....1090
പൊലീസ് കൺട്രോൾ റൂം.....100
സൈബർക്രൈം.....2556179
ഡി.ജി.പി.....9497999999
കമ്മിഷണർ.....9497996991
റെയിൽവെ ഹെൽപ്പ്.....182
ട്രാഫിക്.....2558731/1099
വിജിലൻസ്.....2305393

ആംബുലൻസ്
കെംപ്.....108, നഗരസഭ.....2320821
രഞ്ജിത്ത്.....9387822267
ശിവജി.....9605610100
അമ്മ.....9744240002
പ്രവാസി.....9633142524

മൊബൈൽ മോർച്ചറി
9744240002, 9746100079, 2442008, 9495440853, 9605610100
ഫയർഫോഴ്സ്.....101
ചെങ്കൽചൂള.....2333101
ചാക്ക.....2501255

ക്രിട്ടിക്കൽ കെയർ
അനന്തപുരി.....2579900,
കിംസ്.....2447575
എസ്.യു.ടി.....4077777, 4177777
ശിവഗിരിമിഷൻ
ഹോസ്പിറ്റൽ.....04702602248, 2602249
മരുന്നുകട 24 മണിക്കൂർ (SAT).....04712555968, 2528305
ബ്ലഡ്ബാങ്ക്.....2528230
പെറ്റ്ഡോക്ടർ.....9387810799
വൈദ്യുതിശ്മശാനം.....2115088

ഡ്രയിനേജ്.....2479502, 2303170
വാട്ടർ അതോറിട്ടി.....2322674

കെ.എസ്.ആർ.ടി.സി
കൺട്രോൾ റൂം.....2463799
തമ്പാനൂർ.....2323886
കിഴക്കേകോട്ട.....2463029
തമിഴ്നാട്.....2327756
ആർ.ടി ഓഫിസ്.....2469223
കെ.എസ്.ഇ.ബി.....1912
ട്രെയിൻ അലർട്ട്.....9846200100
നഗരസഭാ എൻക്വയറി.....2320821

ചൈൽഡ്ലൈൻ.....1098
പി.എസ്.സി.....2554000
കേരളയൂണിവേഴ്സിറ്റി.....2305994
ജില്ലാകളക്ടറേറ്റ്.....2731200
ഫിംഗർടിപ്പ്.....2722722

പാമ്പിനെ പിടിക്കാൻ
വാവസുരേഷ്.....9387974441

ടയർ പഞ്ചർ
ടോണി.....9387806444
ഹുസൈൻ.....8606396048